# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2330 06.10.2016-ൽ മറുപടിയ്ക്ക്**

മത്സ്യകൃഷി, മത്സ്യബന്ധനം എന്നിവയുടെ സാധ്യതകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആന്റണി ജോൺ: | | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ഇടമലയാർ, ഭൂതത്താൻകെട്ട് റി സർവോയറുകളിലും പദ്ധതി പ്രദേശത്തിന്റെ ക്യാച്ച്മെന്റ് ഏരിയകളിലുമുള്ള മത്സ്യകൃഷി/ മത്സ്യബന്ധന സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | എ) | കോതമംഗലം നിയോജകമണ്ഡലത്തിലെ ഭൂതത്താൻകെട്ടിൽ മൾട്ടി സ്പീഷിസ് ഇക്കോ ഹാച്ചറി സ്ഥാപിക്കുന്ന ഒരു പദ്ധതി ഫിർമ നടപ്പിലാക്കിവരുന്നു. ഇതിന്റെ പദ്ധതി അടങ്കൽ തുക 605 ലക്ഷമാണ്. ഈ പദ്ധതി ആർ.കെ.വി.വൈ (എൻ.എം.പി.എസ്), ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ എന്നിവയുടെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിക്കുകയും മത്സ്യക്കുഞ്ഞുൽപാദനം ആരംഭിക്കുകയും ചെയ്തു.<br><br>എൻ.എഫ്.ഡി.ബി റിസർവോയർ ഫിഷറീസ് പദ്ധതി പ്രകാരം 2010-11 വർഷത്തിൽ ഭൂതത്താൻ കെട്ട് ജലസംഭരണിയിൽ അഡാക്ക് 456000 ഇൻഡ്യൻ മേജർ കാർപ്പ് മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടു ണ്ട് |
| ബി) കെ.എസ്.ഇ.ബി. യുടെ അധീനതയിലുള്ള ഇടമലയാർ റിസർവോയറിൽ മത്സ്യം വളർത്തുന്നതിനും പിടിക്കുന്നതിനും അവ മാർക്കറ്റ് ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) | ഇല്ല |
| സി) ഇല്ലെങ്കിൽ അതിനുള്ള നടപടി അനുഭാവപൂർവ്വം പരിഗണിക്കുമോ? | സി) | കെ.എസ്.ഇ.ബി തുടങ്ങിയ വകുപ്പുകളുടെ അധീനതയിലുള്ള റിസർവോയറുകളിലും പദ്ധതി പ്രദേശങ്ങളിലും മത്സ്യ കൃഷി/ മത്സ്യബന്ധനം എന്നിവയുടെ സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ആഫീസർ